തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നാൽപ്പത്തിയാറാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ

**തിരൂർ, 2020 ഒക്ടോബർ 13, രാവിലെ 10.30 ന്**

**(ഗൂഗിൾമീറ്റ് വീഡിയോ കോൺഫറൻസ് വഴി)**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ വിജയകുമാർ ആർ. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീ അജിത് കെ ജോസഫ് (അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യവകുപ്പ്)
5. ഡോ. സി.പി. ചിത്രഭാനു
6. ഡോ. എ.കെ. നമ്പ്യാർ
7. ഡോ. സി. രാജേന്ദ്രൻ
8. ഡോ. സി.പി. അച്യുതനുണ്ണി
9. ഡോ. കെ.കെ.എൻ. കുറുപ്പ്
10. ശ്രീ മുസമ്മിൽ കെ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ആർ. രാജീവ്മോഹൻ (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതനയായിരുന്നു.

രാവിലെ 10.30 ന് യോഗനടപടികൾ ആരംഭിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2020.38**

വിഷയം: **45–ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2020.39**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2020.40**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2020.41**

വിഷയം: **രജിസ്ട്രാർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച്**

തീരുമാനം: രജിസ്ട്രാർ തസ്തികയിലേക്കുള്ള നിയമനത്തിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി, നിർവാഹകസമിതി അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കി സമർപ്പിച്ച ശുപാർശ അംഗീകരിച്ച് ഡോ. ഷൈജൻ ഡി.യെ ('അനുപമം', സീറോ ലെയിൻ, എൽത്തുരുത്ത്, തൃശ്ശൂർ) തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ രജിസ്ട്രാറായി സർവകലാശാലാ നിയമം 2013 ലെ വകുപ്പ് 32(6), (7) (2019 ലെ 15-ാം ആക്ട്), ആദ്യ സ്റ്റാറ്റ്യൂട്ട്സ്, 2019 അദ്ധ്യായം 2 ലെ സ്റ്റാറ്റ്യൂട്ട് 20 ലേയും വ്യവസ്ഥകൾക്ക് വിധേയമായി നാല് വർഷക്കാലയളവിലേക്ക് നിയമിക്കുവാൻ ഐകകണ്ഠേന തീരുമാനിച്ചു. ഈ തീരുമാനപ്രകാരമുള്ള നിയമനോത്തരവ് നൽകാൻ വൈസ് ചാൻസലറെ അധികാരപ്പെടുത്തുന്നു.

(924/2020/എ1/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2020.42**

വിഷയം: **2018-2020 വർഷത്തെ ബിരുദാനന്തരബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: 2018 - 2020 അദ്ധ്യയനവർഷത്തിൽ സർവകലാശാലയിൽനിന്ന് പഠനം വിജയകരമായി പൂർത്തീകരിച്ച 86 ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുവാൻ പൊതുസഭയോട് ശുപാർശ ചെയ്യുവാൻ യോഗം തീരുമാനിച്ചു.

(126/2019/പ.വി. - പരീക്ഷാഭവൻ)

ഇനം നമ്പർ: **2020.43 (എ)**

വിഷയം: **പിഎച്ച്.ഡി. ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: മൂല്യനിർണയസമിതിയുടെ ശുപാർശ അംഗീകരിച്ച് ശ്രീമതി സക്കീന മീനടത്തൂരിന് മലയാളനിഘണ്ടുകളിലെ *സ്ത്രീപ്രതിനിധാനം: 'അന്തർശാസ്ത്ര പഠനം'* എന്ന വിഷയത്തിൽ ഭാഷാശാസ്ത്രഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു.

(3547/എ4/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2020.43 (ബി)**

തീരുമാനം: മൂല്യനിർണയസമിതിയുടെ ശുപാർശ അംഗീകരിച്ച് കുമാരി അർച്ചന മോഹന് *'മലയാളചെറുകഥയിലെ സ്ത്രീസ്വത്വനിർമിതി: തെരഞ്ഞെടുത്ത രചനകളെ ആസ്പദമാക്കിയുള്ള പഠനം'* എന്ന വിഷയത്തിൽ സാഹിത്യഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു.

(3547/എ4/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2020.44**

വിഷയം: **വിരമിച്ച ജീവനക്കാരുടെ പുനർനിയമനം / സഞ്ചിതവേതനം നിർണയിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാല/സർക്കാർ സർവീസിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിച്ച് മലയാളസർവകലാശാലയിൽ കരാർ വ്യവസ്ഥയിൽ

നിയമിക്കപ്പെട്ട ജീവനക്കാർക്ക് ആരോഗ്യ സർവകലാശാലയിലും ശ്രേഷ്ഠ മലയാളഭാഷാമികവ് പഠനകേന്ദ്ര (Centre of Excellence for Studies in Classical Malayalam) ത്തിലും നൽകി വരുന്ന തുക മാനദണ്ഡമാക്കി പ്രതി മാസ സഞ്ചിതവേതനമായി താഴെപ്പറയുന്ന തുക നിശ്ചയിച്ച് നൽകുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| സെക്ഷൻ ഓഫീസർ | - | 28,000/- |
| അസിസ്റ്റന്റ് രജിസ്ട്രാർ | - | 30,000/- |
| ഡെപ്യൂട്ടി രജിസ്ട്രാർ | - | 35,000/- |

(316/2017/വിസി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.45**

വിഷയം: **സർവകലാശാല ഏറ്റെടുത്ത 4.1352 ഹെക്ടർ ഭൂമിയുടെ വിലയായി നൽകിയ 9 കോടി രൂപ കിഴിച്ച് ബാക്കി തുകയായ 7,34,95,883/- രൂപ ഭൂവുടമകൾക്ക് നൽകുന്നതിനായി തഹസിൽദാരുടെ (ലാന്റ് അക്യുസഷൻ) പേരിലുള്ള 8443-00-117-99 (LA/LAR) എന്ന വർക്ക് ഡിപ്പോസിറ്റ് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച നടപടിയുടെ സാധൂകരണം**

തീരുമാനം: വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(456/2018/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.46**

വിഷയം: **സ്റ്റാന്റിങ് കോൺസലിന്റെ നിയമനകാലാവധി 06.08.2020 മുതൽ മുൻകാല പ്രാബല്യം നൽകി രണ്ടുവർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവിന്റെ സാധൂകരണം**

തീരുമാനം: വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(25/2013/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.47**

വിഷയം: **കോവിഡ്-19 ന്റെ വ്യാപന സാഹചര്യത്തിൽ മൂന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷ താൽക്കാലികമായി മാറ്റിവെച്ച് നാലാം സെമസ്റ്ററിലേക്ക് പ്രവേശനം നടത്തുവാനുള്ള വൈസ് ചാൻസലറുടെ തീരുമാനം സംബന്ധിച്ചുള്ള റിപ്പോർട്ട്**

തീരുമാനം: ഏതാനും വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ ശരിയാംവണ്ണം ലഭിച്ചിട്ടില്ലായെന്ന് നിർവാഹകസമിതിയിലെ വിദ്യാർത്ഥിപ്രതിനിധി ശ്രീ മുസമ്മിൽ അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ചു നടന്ന വിശദമായ ചർച്ചയെ തുടർന്ന്, 2020 നവംബർ 15-ാം തീയതിക്കുള്ളിൽ മൂന്നാംസെമസ്റ്റർ ഇന്റേണൽ പരീക്ഷകൾ പൂർത്തിയാക്കി വിദ്യാർത്ഥികളെ 4-ാം സെമസ്റ്ററിലേക്ക് ക്ലാസ്കയറ്റം നൽകി പഠനം ആരംഭിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഏതെല്ലാം വിദ്യാർത്ഥികൾക്കാണോ ഓൺലൈൻ ക്ലാസ് ലഭ്യമാകാതിരുന്നത് അവർ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് ആ വിവരം വിശദമായി രേഖാമൂലം അറിയിക്കേണ്ടതാണ്. അതിൽ ഉചിതമായ തീരുമാനം എടുക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

(126/2019/ജനറൽ/പ.വി. - പരീക്ഷാഭവൻ)

ഇനം നമ്പർ: **2020.48**

വിഷയം: **2020-21 ലെ ബിരുദാനന്തരബിരുദം കോഴ്സുകളിലേക്കുള്ള പ്രവേശനം ഓൺലൈനായി നടത്തുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട്**

തീരുമാനം: വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(2994/എ1/2019/അഡ്മിൻ. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.49**

വിഷയം: **പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി കരാർ ഒപ്പ് വെയ്ക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയും കോസ്റ്റ്ഫോർഡും തമ്മിൽ ഏർപ്പെടുന്ന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) കരാറിൽ ഒപ്പു വെയ്ക്കാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി. വിശദമായ ഡി.പി.ആറും മാസ്റ്റർപ്ലാനും കോസ്റ്റ്ഫോർഡ്, സർവകലാശാലയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് കരാറിലെ ബന്ധപ്പെട്ട വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 0.5% പ്രതിഫലമായി കോസ്റ്റ്ഫോർഡിനു നൽകുന്നതിന് വൈസ് ചാൻസലറെ അധികാരപ്പെടുത്തുന്നു.

2020.49 ഇനത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ വെളിച്ചത്തിൽ 2020.52 അജണ്ടയായി ഉൾപ്പെടുത്തിയ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി കരാർ എന്ന ഇനം പിൻവലിച്ചതായി വൈസ് ചാൻസലർ അറിയിച്ചു.

(457/60/ക്യാമ്പസ്.ഡെവ./2020/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.50**

വിഷയം: **2019-20 സാമ്പത്തികവർഷത്തെ വാർഷികകണക്കുകളുടെ അംഗീകാരം സംബന്ധിച്ച്**

തീരുമാനം: 2019-20 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ അംഗീകരിച്ചു.

(ധനകാര്യവിഭാഗം)

ഇനം നമ്പർ: **2020.51**

വിഷയം: **സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം സർവകലാശാലയ്ക്ക് സമർപ്പിച്ചിരുന്ന പ്രോജക്ടിന്റെ വിദഗ്ദ്ധപഠനത്തിനായി രൂപീകരിച്ച ഉപസമിതിയുടെ റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം സർവകലാശാലയ്ക്ക് സമർപ്പിച്ചിരുന്ന പ്രോജക്ടിന്റെ വിദഗ്ദ്ധപഠനത്തിനായി ഡോ. സി.പി. ചിത്രഭാനു കൺവീനറായി രൂപീകരിച്ച ഉപസമിതിയുടെ റിപ്പോർട്ട് യോഗം അംഗീകരിച്ചു. റിപ്പോർട്ടിലെ ശുപാർശകൾ വിശദമായി പരിഗണിച്ച് ചർച്ച ചെയ്ത യോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

(i) 'സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം' ഉൾപ്പെടെയുള്ള വിദഗ്ദരുമായി ചർച്ച ചെയ്ത് ഒരു വിദഗ്ദ്ധസമിതിയുടെ മേൽനോട്ടത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പൂർണ്ണനിയന്ത്രണത്തിൽ കലാ ഫാക്കൽറ്റിയ്ക്ക് കീഴിൽ ചെണ്ട, തിമില, മദ്ദളം എന്നീ വാദ്യോപകരണങ്ങ

ളിൽ (വാദ്യകലയിൽ) ഒരു വർഷം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

(ii) പ്രവേശനത്തിനുള്ള ഏറ്റവും കുറഞ്ഞ അടിസ്ഥാനയോഗ്യത ഹയർസെക്കണ്ടറി കോഴ്സ് പാസായിരിക്കണം.

(iii) സർവകലാശാല റെഗുലേഷനുകൾക്കനുസൃതമായി വിദ്യാർത്ഥി പ്രവേശനത്തിനുള്ള പ്രായപരിധി നിശ്ചയിക്കേണ്ടതാണ്.

(iv) ഈ കോഴ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് യാതൊരുവിധ അധികസാമ്പത്തിക ബാധ്യതയും വരുത്തുവാൻ പാടുള്ളതല്ല. എന്നാൽ സർവകലാശാലയ്ക്ക് ധനസഹായം നൽകുന്ന ഏതെങ്കിലും ഏജൻസികളിൽ നിന്ന് ഫണ്ട് ലഭ്യമാക്കുവാൻ കഴിയുമോ എന്നത് പരിശോധിക്കാവുന്നതാണ്.

(v) നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു മാത്രമേ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുവാൻ പാടുള്ളു.

(vi) വാദ്യകലയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുവാനുള്ള നിർവാഹകസമിതിയുടെ തീരുമാനം പണ്ഡിതസഭയിൽ വെച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

(vii) ഇതൊരു പ്രാഥമികസംരംഭമായി ഏറ്റെടുത്ത് ഇതിന്റെ ജയപരാജയങ്ങൾ വിലയിരുത്തി വിശദമായി പരിശോധിച്ചു പഠിച്ചതിനുശേഷം മാത്രമേ ഈ വിധത്തിലുള്ള മറ്റ് കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഭാവിയിൽ പരിഗണിക്കുവാൻ പാടുള്ളൂ.

(597/2018/വി.സി. - ഭരണവിഭാഗം)

യോഗം ഉച്ചക്ക് 12 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്